(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കൃഷിനാശം സംഭവിച്ചതിന് നിലവിലുള്ള നഷ്ടപരിഹാര തുക നഷ്ടത്തിന്റെ 75% (പരമാവധി 10,000 രൂപ) ആണ്.

(ഡി) വന്യജീവി സംരക്ഷണ നിയമത്തിലെ ഒന്നാം പട്ടികയിലും രണ്ടാം പട്ടികയിലെ രണ്ടാം ഭാഗത്തും ഉൾപ്പെടുത്തിയിട്ടുള്ള വന്യജീവികളുടെ ആക്രമണത്തിൽ നഷ്ടം സംഭവിച്ചതിനാണ് നഷ്ടപരിഹാരം നൽകുന്നത്. ഇതിന് നിശ്ചിത ഫാറത്തിൽ അപേക്ഷ ബന്ധപ്പെട്ട ഡിവിഷൻതല ഓഫീസർക്ക് നൽകേണ്ടതുണ്ട്. അപേക്ഷയിൽ പറയുന്ന കാര്യങ്ങൾ റെയിഞ്ചോഫീസർ മുഖേന പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ ആണ് നഷ്ടപരിഹാരം അനുവദിക്കുന്നത്.

(ഇ) 20-1-2005-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 41/2005/വനം പ്രകാരം ചുവടെ വിവരിക്കുന്ന പ്രകാരം ആൾനാശം ഉണ്ടാകുന്ന സംഭവങ്ങളിൽ നഷ്ട പരിഹാരം നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

ജീവൻ നഷ്ടം	..	പിൻതുടർച്ചവകാശികൾക്ക് 50,000 രൂപ
സ്ഥിരം അംഗവൈകല്യം	..	25,000 രൂപ
പരുക്ക് പറ്റിയത്	..	പരുക്കിന്റെ ഗൗരവം കണക്കിലെടുത്ത് പരമാവധി 5,000 രൂപ.

കാട്ടാനശല്യംമൂലം കാർഷികാദായങ്ങൾ നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായം

131 [580] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിൽപ്പെട്ട മണ്ടക്കോൽ, പാണ്ടി ബീറ്റുകളിൽപ്പെട്ട ചാമക്കൊച്ചി, ചാപ്പക്കൽ, വെള്ളച്ചേരി, കൈച്ചണ്ണി, മണ്ടേംപട്ടി ഫോറസ്റ്റ് അതിർത്തിയിൽപ്പെട്ട പ്രദേശങ്ങളിൽ കാട്ടാനകൾ ഇറങ്ങി പ്രദേശത്തെ ജനങ്ങളുടെ കാർഷികാദായങ്ങൾ വ്യാപകമായി നശിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) കാർഷികാദായങ്ങൾ നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്രതുക വീതം എത്രപേർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) എല്ലാ വർഷവും തുടർച്ചയായി കാട്ടാനശല്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഇത് കുറയ്ക്കുന്നതിന് സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സാമ്പത്തിക വർഷത്തിൽ ലഭിച്ച 13 അപേക്ഷകളിൽ 35,000 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം ലഭിച്ച 13 അപേക്ഷകളിൻമേൽ 35,000 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ആയതിൽ 31,205 രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്.

(ഡി) ആൾവാസവും കൃഷിയും ഉള്ള സ്ഥലങ്ങളിൽ കാട്ടാന ശല്യം തടയുവാൻ വനം വകുപ്പ് സൗരോർജ്ജ വൈദ്യുതി വേലികൾ സ്ഥാപിച്ചും ട്രഞ്ചുകൾ കുഴിച്ചും വനസംരക്ഷണ സമിതിയുടെ പങ്കാളിത്തത്തോടുകൂടി നടപടി സ്വീകരിച്ചുവരുന്നു.

കാട്ടാനശല്യം ഒഴിവാക്കാൻ സ്ഥിരം സംവിധാനം

132 [581] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ മലയോര പ്രദേശങ്ങളിൽ കാട്ടാനകൾ വ്യാപകമായി കൃഷിനാശം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലമുള്ള നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) കൃഷിനാശം സംഭവിച്ചവർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രദേശങ്ങളിലെ കാട്ടാനശല്യം ഒഴിവാക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ 30-1-2005 വരെ ലഭിച്ച അപേക്ഷകളിന്മേൽ 1,22,488 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 77,575 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ഡി) വൈദ്യുത സൗരോർജ്ജ കമ്പിവേലികൾ നിർമ്മിക്കുവാൻ പരിപാടിയുണ്ട്. എന്നാൽ 22-1-2005-ൽ ബഹു. വനം വകുപ്പുമന്ത്രി നാദാപുരത്ത് വിളിച്ചുചേർത്ത യോഗത്തിൽ മതിലുകൾ കെട്ടുകയാണ് അഭികാമ്യമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുടർ ചർച്ചക്കായി 4-2-2005-ന് കുറ്റ്യാടിയിൽ വീണ്ടും യോഗം നടത്തുന്നുണ്ട്. അതിൽ ഉരിത്തിരിയുന്ന അഭിപ്രായം കണക്കിലെടുത്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly